(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 65444 ലാന്റ് ട്രിബ്യൂണൽ കേസുകളിൽ തീരുമാനം ആയിട്ടുണ്ട്.

69 (646) നദികളിൽനിന്നുമുള്ള മണൽവാരൽ

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. വി. ബാലറാം :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളിൽനിന്നുള്ള മണൽവാരൽ ഓരോ നദിയേയും എപ്രകാരം ബാധിക്കുന്നു എന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പഠനത്തിൽ വെളിവായ വിവരങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ പഠനമൊന്നും നടത്താത്തപക്ഷം അതേപ്പറ്റി പഠനം നടത്തുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

സർക്കാർ ഏറ്റെടുത്ത ഒൻപത് നദികളിൽ, ഭാരതപ്പുഴയിലെ മണൽവാരൽ നദിയെ എപ്രകാരം ബാധിക്കുന്നുവെന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്. അതുപോലെ പെരിയാർ നദിയിലെ മണൽവാരൽ സംബന്ധമായ പ്രശ്നങ്ങളെപ്പറ്റിയും പഠനം നടത്തിയിട്ടുണ്ട്.

(ബി) അനിയന്ത്രിതമായ മണൽവാരൽമൂലം നദീവ്യവസ്ഥക്കും പ്രകൃതിക്കും ഭാവിയിൽ വരാവുന്ന ദൂഷ്യഫലങ്ങളും, പാർശ്വഫലങ്ങളും പഠനത്തിൽനിന്ന് വെളിവായി. ആയതിന്റെ വെളിച്ചത്തിൽ പഠനം നടത്തപ്പെട്ട നദികളുടെ സംരക്ഷണത്തിനുവേണ്ട കരുതൽ നടപടികൾ വിവരിച്ചുകൊണ്ട് പഠന കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഏറ്റെടുത്ത ഒൻപത് നദികളിലെ മണലെടുക്കുന്നത് സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത സർക്കുലർ പ്രകാരം മണലെടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകുന്നത് പൂർണ്ണമായും നിർത്തൽ ചെയ്യുകയും സർക്കാർ നിബന്ധനകൾക്ക് വിധേയമായി ജില്ലാ കളക്ടർ അനുവദിക്കുന്ന കടവുകളിൽനിന്ന് അനുവദിക്കപ്പെടുന്ന അളവിൽ മണൽ നീക്കം ചെയ്യുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയുണ്ടായി.

(സി) ഉദിക്കുന്നില്ല.

70 (647) തൃശ്ശൂർ ജില്ലയിൽനിന്ന് മണലെടുക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തൃശ്ശൂർ ജില്ലയിൽ ഭാരതപ്പുഴയിൽനിന്ന് മണലെടുക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ്;

(ബി) മണലിന് ഇപ്പോൾ സർക്കാർ ഈടാക്കുന്ന വില എത്ര; ഇത് ആർക്കൊക്കെ എത്ര സംഖ്യവച്ചാണ് വിഭജിച്ചു നൽകുന്നത്;

(സി) എത്ര കടവുകളാണ് ജില്ലയിൽ മണലെടുക്കുന്നതിന് അനുവദിച്ചിട്ടുള്ളത്;

(ഡി) മണൽവില സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർദ്ധനവാണ് വരുത്തിയത്; ഈ വർദ്ധനവ് എന്നുമുതൽ പ്രാബല്യത്തിൽ വന്നു;

(ഇ) മണൽ വില വർദ്ധിപ്പിക്കുവാനുള്ള കാരണം വെളിപ്പെടുത്തുമോ;

(എഫ്) നിർമ്മാണ പ്രവർത്തനം സ്തംഭിപ്പിക്കുന്നതിനാലും ആയിരക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുമെന്നതിനാലും ഈ വില വർദ്ധനവ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സർക്കാരിന്റെ 5.1.1998 -ലെ 66221/പി1/97/റവന്യൂ. നമ്പർ സർക്കുലർ പ്രകാരമുള്ള നിബന്ധനകൾ ആണ് ഭാരതപ്പുഴയിൽനിന്ന് മണലെടുക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ളത്. സർക്കുലർ അനുബന്ധമായി ചേർക്കുന്നു†

(ബി) കടവുകളിൽനിന്ന് എടുക്കുന്ന മണലിന് ലോഡ് ഒന്നിന് 5 ടൺ മുതൽ 10 ടൺ വരെ 800 രൂപയും, 5 ടൺ വരെ 500 രൂപയും, ട്രാക്ടർ ഒന്നിന് 300 രൂപയും, നാഷണൽ പെർമിറ്റ് ലോറിക്ക് 1000 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള വിലയിൽനിന്നും തൊഴിലാളികളുടെ വേതനവും, ബാക്കി തുകയിൽനിന്ന് റോയൽറ്റി കഴിച്ചുള്ള തുക നീക്കി, 50% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിലേക്കും ബാക്കി 50% റിവർ മാനേജ്മെന്റ് ഫണ്ടിലേക്കും നിക്ഷേപിക്കുന്നതാണ്.

(സി) പത്ത് കടവുകളിൽ മണൽ വാരൽ അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ലോഡ് ഒന്നിന് വിവിധ വാഹനങ്ങളുടെ നിരക്കിൽ ലോഡ് ഒന്നിന് 600/- രൂപയിൽനിന്ന് 800/- രൂപയായും, 400/- രൂപ 500/- രൂപയായും, നാഷണൽ പെർമിറ്റി 200 രൂപ 300 രൂപയായും ലോറി ലോഡിന് 1000/- രൂപയായും 1.1.2000-ൽ വില വർദ്ധനവ് പ്രാബല്യത്തിൽ വന്നു.

(ഇ) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഓരോ വർഷവും സീസൺ തുടങ്ങുന്നതിന് മുൻപായി പാലക്കാട്, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലാകളക്ടർമാർ കൂടിയാലോചിച്ച് മണലിന്റെ വിൽപ്പന വില മുൻകൂട്ടി നിശ്ചയിക്കേണ്ടതാണ്. കൂലി ചെലവിനുള്ള വർദ്ധനവും വില നിശ്ചയിക്കുമ്പോൾ കണക്കിലെടുക്കുന്നതാണ്.

(എഫ്) ബന്ധപ്പെട്ടവരുമായി ഈ വിഷയം ചർച്ച ചെയ്തപ്പോൾ വില വർദ്ധന കാലോചിതവും ന്യായവുമാണെന്ന് അഭിപ്രായം ഉണ്ടായത്. ആയതിനാൽ വില വർദ്ധന ഒഴിവാക്കാൻ ഉദ്ദേശമില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly